LIBRARY ARCHIVES Kerala Legislative Assembly

**കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി**

4 (989) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്; കൂടുതലായി എത്ര ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ 600 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്. കൂടുതലായി 191.25 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കൃഷിചെയ്യാതെ കിടക്കുന്ന വയലുകളിൽ വ്യാപിച്ചുകിടക്കുന്ന കണ്ടലുകളെ കൃഷി, വനം വകുപ്പുകളുടെ സഹകരണത്തോടെ പറിച്ചു നടത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ കൈപ്പാട് കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (KADS)-യുടെ റീജിയണൽ ലെവൽ അഡ്വൈസറി കമ്മിറ്റി (RLAC)-യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 7-12-2020-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 982/2020/കൃഷി എന്ന ഉത്തരവിൻപ്രകാരം രൂപീകൃതമായ എക്സ്പെർട്ട് കമ്മറ്റി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ കണ്ടെത്തിയിട്ടുള്ളതാണ്. നിലവിൽ കൈപ്പാട് കൃഷി ചെയ്യാത്തതുകൊണ്ട് കണ്ടൽക്കാടുകളായി മാറിയ സ്ഥലങ്ങൾ തിരികെ കൈപ്പാട് കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടർ നിലത്തിന് 1,00,000 രൂപ എന്നതോതിൽ (ജില്ലാ പഞ്ചായത്ത് വിഹിതമായി 95,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 5,000 രൂപയും) ആനുകൂല്യം നൽകിയിരുന്നു. 2021-22 വർഷത്തിൽ 76.05 ഹെക്ടർ സ്ഥലത്ത് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

**ഗ്രൗണ്ട്നട്ടുള്ള വിത്തിനങ്ങൾ**

5 (990) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട്നട്ടുള്ള വിത്തിനങ്ങൾ സമയബന്ധിതമായി കർഷകർക്ക് നൽകാൻ കുറ്റമറ്റ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?